LIBRARY ARCHIVES Kerala Legislative Assembly

ഐ.ഒ.സി. പ്ലാന്റിന്റെ പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷ

237 (3444) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഐ. ഒ. സി. പ്ലാന്റ് സ്ഥാപിക്കുന്നതിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ ;എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് പ്രസ്തുത അപേക്ഷ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇത്തരത്തിൽ അപേക്ഷ ലഭിച്ചിട്ടില്ലെന്ന് എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനം

238 (3445) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതിൽ വീഴ്ച വരുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീക്ക് എത്ര ഫണ്ട് അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സാമൂഹ്യവികസനം ലക്ഷ്യം വച്ച് കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു: